പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3083 15/02/2013 ൽ മറുപടി നൽകേണ്ടിയിരുന്നത്

**റീസർവ്വേ അപാകതകൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി കെ. കെ. ലതിക | ശ്രീ. അടൂർ പ്രകാശ്.<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) മലബാർ മേഖലയിൽ ഭൂമിയുടെ അളവ് രേഖപ്പെടുത്താൻ മുൻകാലങ്ങളിൽ കോലളവ് സ്വീകരിച്ചിരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) കോലളവു പ്രകാരമുള്ള കൈവശ ഭൂമിക്കു പട്ടയം നൽകിയപ്പോൾ ഭൂമി പ്രത്യേകം അളന്നു തിട്ടപ്പെടുത്തി വിസ്തീർണ്ണം രേഖപ്പെടുത്തി നൽകിയിരുന്നോ എന്നു വ്യക്തമാക്കുമോ ; | (ബി) ഭൂമി അളന്ന് തിട്ടപ്പെടുത്തി വിസ്തീർണ്ണം രേഖപ്പെടുത്തിയാണ് പട്ടയം നൽകിയിട്ടുള്ളത്. |
| (സി) ഇല്ലെങ്കിൽ, കൈവശഭൂമിക്കു പട്ടയം നൽകിയപ്പോൾ ഭൂമിയുടെ അളവ് രേഖപ്പെടുത്തുന്നതിന് എന്തു മാനദണ്ഡമാണു സ്വീകരിച്ചതെന്നു വ്യക്തമാക്കുമോ; | (സി) ബാധകമല്ല. |
| (ഡി) പ്രത്യേകമാനദണ്ഡങ്ങളില്ലാതെ അളവ് രേഖപ്പെടുത്തി പട്ടയം നൽകിയിട്ടുണ്ടെങ്കിൽ, റീസർവ്വേ നടക്കുമ്പോൾ വിസ്തീർണ്ണത്തിലുണ്ടാകുന്ന മാറ്റങ്ങൾ ഏതുവിധത്തിൽ പരിഹരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ഡി) പട്ടയ സ്കെച്ചിന്റെ അളവുകളുടെ അടിസ്ഥാനത്തിൽ റീസർവ്വേ നടന്നു വരുന്നു. |
| (ഇ) ഇതിനായി സർവ്വേ ഉദ്യോഗസ്ഥർക്ക് എന്തെല്ലാം മാർഗ്ഗരേഖകൾ നൽകിയിട്ടുണ്ടെന്നു വ്യക്തമാക്കുമോ? | (ഇ) കേരള സർവ്വേ മാനുവലിൽ പ്രതിപാദിച്ചിട്ടുള്ള മാർഗ്ഗ രേഖകൾ പിന്തുടരുന്നു. |

സെക്ഷൻ ഓഫീസർ